## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 407** **01.12.2015-ൽ മറുപടിയ്ക്ക്**

## വൈദ്യുത വിതരണ ശൃംഖല.

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. അജിത് : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) ഗ്രാമ പ്രദേശങ്ങളിലെ വൈദ്യുത വിതരണ ശൃംഖല മെച്ചപ്പെടുത്താൻ എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) | കെ. എസ്. ഇ. ബി. എൽ-ന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 11 കെ.വി. ലൈൻ നിർമ്മിക്കൽ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, എൽ.റ്റി. ലൈൻ നിർമ്മിക്കൽ, റീ കണ്ടക്ടറിംഗ്, സിംഗിൾ ഫേസ് റ്റു ത്രീ ഫേസ് കൺവർഷൻ എന്നീ പണികൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) ഗ്രാമ പ്രദേശങ്ങളിലെ വെദ്യുത വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെങ്കിലും സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തൊക്കെ യെന്നും വെളിപ്പെടുത്തുമോ ? | | എല്ലാ ഗ്രാമീണ ഭവനങ്ങളും വൈദ്യുതീകരിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിക്കപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി പ്രകാരം, ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഗ്രാമപ്രദേശങ്ങളിലെ വൈദ്യുത വിതരണ ശൃംഖല മെച്ചപ്പെടുത്തി 95658 ബി.പി.എൽ. വീടുകൾ ഇതിനകം വൈദ്യുതീകരിച്ചു കഴിഞ്ഞു.<br><br>കൂടാതെ ഗ്രാമപ്രദേശങ്ങളിലെ വൈദ്യുതി വിതരണം മെച്ചപ്പെടുത്താൻ കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ് ജ്യോതി യോജന പദ്ധതി പ്രകാരം 485.37 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അനുമതി കിട്ടുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.